കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കരുംകുളം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2051/2017**

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം, തീയതി: 23.10.2017.
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**കരുംകുളം ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : കരുംകുളം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്/-**

**ഡെപ്യൂട്ടി ഡയറക്ടർ.**

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരി പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2051/2017** **തീയതി: 23.10.2017**

**തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചയത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994* -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)*

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05-11-2016 മുതൽ 21-09-2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-09-2017മുതൽ 27-09-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.സഞ്ജയ്.പി.ഐ, അസി.ഓഡിറ്റ് ഓഫീസർ |
| | 2. ശ്രീ.പ്രേംനാഥ്.ജി.കെ, സീ.ഗ്രേഡ് ഓഡിറ്റർ |
| | 3. ശ്രീമതി.ആശ.റ്റി.ആർ, സീ.ഗ്രേഡ് ഓഡിറ്റർ |
| | 4. ശ്രീ.ശിവനാഥൻ.എ, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശീ.ഹെസ്റ്റിൻ.ജി. | 01-04-2016മുതൽ 31-03-2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.പി.മേരി ഇനിഗോ | 01-04-2016മുതൽ 31-03-2017വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്/വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുനിത.വി.എസ്, ഫ്ലാറ്റ് നം.6സി, സൺഎലഗൻസ്, പൂജപ്പുര | 01-04-2016 മുതൽ 31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ.അഭിലാഷ്.എം.എ, തിരുവോണം, തേമ്പാമുട്ടം, ബാലരാമപുരം പി.ഒ | 01-04-2016മുതൽ 31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീമതി. ഷീജ.സി, ഉഷസ്, വെൺകുളം, നെല്ലിമൂട്.പി.ഒ | 01-04-2016മുതൽ 19-10-16വരെ |
| | ശ്രീമതി. അനുശ്രീ, അനുശ്രീ ഭവൻ, റ്റി.സി.55/416, കൈമനം, പാപ്പനംകോട് | 20-10-2016മുതൽ 31-03-2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സിന്ധു.എൽ, അച്യുതം, മൈലച്ചൽ, ഒറ്റശേഖരമംഗലം | 01-04-2016മുതൽ 06-09-2016വരെ |
| | ശ്രീമതി.ലില്ലി ഭായി.എൻ, ശാലോം മന്ദിരം, ആശാൻവിള, കഴിവൂർ | 07-09-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.സദാശിവൻ, അഭിലാഷ്, ചാവടിനട, വെങ്ങാനൂർ പി.ഒ | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജയനാരായണൻ.ആർ, പ്രാർഥന, എച്ച്.എസ്.ആർ.എ-സി-60(2), കാലടി, കരമന പി.ഒ. | 01-04-2016മുതൽ 31-03-2017വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീ.വി.എസ്.മേനോൻ | - |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ഗിരിജകുമാരി, കിരമം, പൂങ്കവിള, ഉച്ചക്കട | 01-04-2016മുതൽ 31-03-2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.കല്യാണിക്കുട്ടി, സാഫല്യം, റ്റി.സി- 76/1399(1), കടക്കാപ്പള്ളി റോഡ്, ആനയറ | 01-04-2016മുതൽ 31-03-2017വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ബിജേഷ്, സൽമാനം, മണ്ണക്കൽ, പഴയകട, തിരുപുറം | 01-04-2016മുതൽ 31-03-2017വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | ഇ-ടെൻഡർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല | 2-1 |
| 13 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല | 2-2 |
| 14 | വസ്തുനികുതി കുടിശ്ശിക 1307882/-രൂപ | 2-3 |
| 15 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. | 2-4 |
| 16 | ഡി. ആന്റ് ഒ. ലൈസൻസ് അപാകതകൾ | 2-5 |
| 17 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-6 |
| 18 | പരസ്യനികുതി ഈടാക്കുന്നില്ല | 2-7 |
| 19 | റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നില്ല | 2-8 |
| | ഭാഗം - 3 | |
| 20 | ഇരയിമ്മൻതുറ സുനാമി ചന്തയോട് ചേർന്ന് ഓട | 3-1 |

| | | |
|---|---|---|
| | നിർമ്മാണം - പ്ലാസ്റ്ററിംഗ് അനാവശ്യ ചെലവുണ്ടാക്കി-എസ്റ്റിമേറ്റിൽ പിഴവ്-53553/-രൂപ നിരാകരിക്കുന്നു. | |
| 21 | പുല്ലുവിള ആശുപത്രി ജംഗ്ഷൻ വെയിറ്റിംഗ് ഷെഡ് നവീകരണം- സന്ററിംഗ് & ഷട്ടറിംഗ് അധിക നിരക്ക് നൽകി - 4884/-രൂപ നിരാകരിക്കുന്നു. | 3-2 |
| 22 | ഓട നിർമ്മാണം - കവർ സ്ലാബ് ഉയർത്താൻ പ്രത്യേക ഇനം അനുവദിക്കൽ - ഏകീകരണമില്ലായ്മ – ഭാവിയിൽ പരിഹരിക്കപ്പെടണം. | 3-3 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല 100000/-രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 24 | ധനവിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല 1792999/-രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 25 | വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക്സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ച് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ് | 3-6 |
| 26 | പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല | 3-7 |
| 27 | അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-8 |
| 28 | നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം | 3-9 |
| 29 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകകൾ മുഴുവൻ തിരിച്ചീടാക്കിയിട്ടില്ല | 3-10 |
| 30 | നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കുന്നില്ല | 3-11 |
| 31 | പൊതുമരാമത്ത്പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 116പദ്ധതികളിൽ 46 പദ്ധതികൾ നടപ്പിലാക്കിയില്ല | 3-12 |

| | | |
|---|---|---|
| 32 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-13 |
| 33 | ആസ്തി രജിസ്റ്റർ കാലിക്മമാക്കി സൂക്ഷിക്കുന്നില്ല | 3-14 |
| 34 | കന്നുകുട്ടി പരിപാലനം- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-15 |
| 35 | പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു - 26,60,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-16 |
| 36 | ഗുണഭോക്തൃ ലിസ്റ്റില്ലാതെ പദ്ധതി നടപ്പിലാക്കി - 4,55,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-17 |
| 37 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി -3,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-18 |
| 38 | ആട്ടോറിക്ഷ വാങ്ങൽ - ചെലവു രേഖകൾ ഹാജരാക്കിയില്ല- 5,20,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-19 |
| 39 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 3-20 |
| 40 | പദ്ധതി പ്രകാരം വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല - നടപടി കൈക്കൊള്ളേണ്ടതാണ് | 3-21 |
| 41 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-22 |
| | **ഭാഗം - 4** | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം


## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 03-03-2016ലെ നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് പ്രകാരം പ്രതീക്ഷിത മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് റസീപ്റ്റ് ആന്റ് പേമെന്റ് പ്രാകരമുള്ള യഥാർഥ മുന്നിരിപ്പ്, വരവ്, ചെലവ്,നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബഡ്ജറ്റ് പ്രകാരം | 7445662.70 | 110083250 | 108996500 | 8532412.70 |
| റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം | 14593803.70 | 60455751 | 54771642 | 20277912.70 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർധ വരവും തമ്മിൽ വളരെയധികം വ്യത്യാസമാണുള്ളത്. ഭാവിയിൽ യഥാർധ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 28-07-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധമായി /ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുണ്ട് | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14593803.70 |

| | |
|---|---|
| വരവ് | 60455751.00 |
| ആകെ | 75049554.70 |
| ചെലവ് | 54771642.00 |
| നീക്കിയിരിപ്പ് | 20277912.70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 16477688 | 16477688 | 16477688 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1948566 | 1948566 | 1948566 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11882506 | 11882506 | 11882506 | 0 | 100 |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 4419407 | 4419407 | 4419407 | 0 | 100 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4057103 | 4057103 | 4057103 | 0 | 100 |
| പെർഫോമൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | - |
| എം.എൻ.ആർ. ഇ.ജി.എസ്. | 2184 | 1106020 | 1108204 | 1104569 | 3635 | 99.67 |
| ബി ഫണ്ട് | 0 | 810360 | 810360 | 810360 | 0 | 100 |
| ഐ.സി.ഡി. എസ് | 0 | 1518958 | 1518958 | 600000 | 918958 | 39.5 |
| സാക്ഷരത | 37080 | 89600 | 126680 | 89600 | 37080 | 70.73 |
| ടോട്ടൽ സാനിട്ടേഷൻ | 1173592 | 1566000 | 2739592 | 0 | 2739592 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 11708123 | 9380040 | 21088163 | 9467538 | 11620625 | 44.89 |
| തനത് വരവ്/ മറ്റ് വരവുകൾ/ കൈയിരിപ്പ് പണം ഉൾപ്പെടെ | 1672825.70 | 7199503 | 8872328 | 3914305 | 4958022 | 44.12 |
| **ആകെ** | **14593803.70** | **60455751** | **75049554.70** | **54771642** | **20277912.70** | |

**<u>വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ</u>**

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുത്തിരിക്കുന്നു.

1. 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B(15) (Sundry Debtors) പ്രകാരം Profession Tax-Institutions/professionals/traders Arrearആയി കിട്ടാനുണ്ടായിരുന്നത് 12050/- (9050+3000) രൂപയാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികിൽ ഈയിനത്തിൽ വരവ് വന്നിട്ടുള്ളത് 13620/- രൂപയാണ്. (RP-43). അതായത് 2015-16ൽ കുടിശ്ശികയായി കിട്ടേണ്ടതിനേക്കാൾ കൂടുതൽ (1570/-രൂപ) തുക 2016-17ൽ കുടിശ്ശിക കിട്ടിയിരിക്കുന്നു.
2. 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B(15) (Sundry Debtors) ൽ Property Tax on-Non-Residential Building ഇനത്തിൽ കുടിശ്ശിക ഇല്ല. 2016-17സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികിൽ ഈയിനത്തിൽ (RP-43പ്രകാരം) 128127/-രൂപ വരവ് വന്നിട്ടുണ്ട്.
3. വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിലെ തുകകൾ സാംഖ്യ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല.
4. 2016-17 സാമ്പത്തിക വർഷം സൃഷ്ടിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. അംഗനവാടികളുടെ പേഷകാഹാര വിതരണത്തിന് നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50 ശതമാനം തുക പ്രത്യേക അക്കൌണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ തനതുവരുമാന ത്തോടൊപ്പമാണ് സൂക്ഷിച്ചുവരുന്നത്.
6. Income And Expenditure Statement പ്രകാരം Income 116379487/-രൂപയും Expenditure 117286314/- രൂപയുമാണ്. അതായത് വരവിനേക്കാൾ 906827/-രൂപ ചെലവ് ചെയ്തതായി കാണിച്ചിരിക്കുന്നു.
7. 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക General Ledger Trial Balance ലെ Excess of income over Expenditure നീക്കിയിരിപ്പ് 8937798.20 രൂപയാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം പ്രസ്തുത ഹെഡിലെ മുന്നിരിപ്പ് 11099158/- രൂപയാണ്.
8. Cash Book പ്രകാരം 2016-17സാമ്പത്തിക വർഷത്തെ E.F.M.S.വരവ് 41849833/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ E.F.M.S.വരവായി കാണിച്ചിട്ടുള്ളത് 41848408/- രൂപയാണ് (I-6). 1425/- രൂപയുടെ വ്യത്യാസം Cash Book ഉം A.F.S.ഉം തമ്മിൽ നിലനിൽക്കുന്നു.

9. ട്രഷറി റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

10. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുമായി സംയോജിപ്പിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കി യിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ മുഴുവനായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 83857364 | 112 | 41432815 | 19 | 68 | 56.28 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 199 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 112 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽ നികുതി | 607323 | 755550 | 148227 |
| കെട്ടിടനികുതി | 1288161 | 2251695 | 963534 |
| വിനോദ നികുതി | 14205 | 25607 | 11402 |
| പരസ്യ നികുതി | - | - | - |
| നികുതിയേതര വരവുകൾ | | | |
| ലേലം | - | 1800 | 1800 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | - | - | - |
| ഡി & ഒ ലൈസൻസ് | 27800 | 76400 | 48600 |
| മറ്റുവരവുകൾ | 13201643 | 4088541 | - 9113192 |
| **ആകെ** | **15139132** | **7199503** | **7939629** |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 360360 | 223 |
| കർഷകതൊഴിലാളി പെൻഷൻ | 4275380 | 480 |
| വിധവാപെൻഷൻ | 7378030 | 811 |
| വാർദ്ധക്യകാലപെൻഷൻ | 14785330 | 2182 |
| വികലാംഗപെൻഷൻ | 4691125 | 456 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 450000 | 15 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 250460 | 22 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-09-2017-ന് രാവിലെ 11 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1759/-രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപന നികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ടൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങിയവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പക്ഷം അവയെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവർക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയീടാക്കുമ്പോൾ ആകെ അർധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ മൊബൈൽ ടവ്വറുകളുടെയും വിവരങ്ങൾ ശേഖരിച്ച് അവയിൽ നിന്ന് ചതുരശ്ര മീറ്ററിന് 400/-രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള വുഴുവൻ പരസ്യ ബോർഡുകൾക്കും പരസ്യ നികുതിയീടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാതെ പ്രവർത്തിക്കുന്ന മർക്കറ്റുകളിൽ നിന്ന് ചട്ടപ്രകാരമുള്ള നകുതിയീടാക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്. അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുവാനും അവയുടെ ഭൗതിക

സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന വുഴുവൻ പദ്ധതികളും ബന്ധപ്പെട്ട സാമ്പത്തിക വർഷങ്ങളിൽത്തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ ഉപയോഗപ്രദവും അല്ലാത്തതുമായ പൊതുകിണറുകളുടെ വിവരങ്ങൾ ശേഖരിച്ച് ഉപയോഗപ്രദമല്ലാത്തവയ്ക്ക് ആവശ്യമായ നവീകരണം നടത്തി ഉപയോഗക്ഷമമാക്കുകയോ അല്ലാത്തപക്ഷം പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തും വിധം സംരക്ഷണഭിത്തികൾ കെട്ടി സംരക്ഷിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-09-2017 | 01-07-2017മുതൽ 31-08-2017വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-02-2014 | 2008മുതൽ 2012വരെ | ലഭിച്ചു, 14-05-2014 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെൻഡർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷം 8പദ്ധതികൾ ഇ-ടെൻഡർ മുഖേന നടപ്പിലാക്കി. എന്നാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച ഫോറം വില/ ടെൻഡർ ഫീസ് (28-09-2013ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം) നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ടാക്സ് ഉൾപ്പെടെ യുള്ള ഇ-ടെൻഡർ ഫീസ് | ടെൻഡറുകളുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 177/17 | കുട്ടിമീരാന്റെ നടവ് പുരയിടം ഡ്രെയിനേജ് കൺസ്ട്രക്ഷൻ വാർഡ്-1 | 2002 | 3 |
| 2 | 76/17 | മാരിയക്കന്റെ തോട്ടം റോഡ് -ഡ്രെയിൻ മെയിന്റനൻസ് | 1700 | 3 |
| 3 | 37/17 | പുതിയതുറ ബീച്ച് റോഡ് ഇംപ്രൂവ്മെന്റ് | 1350 | 2 |
| 4 | 75/17 | ഗവ.മുഹമ്മദിൻ എൽ.പി.സ്കൂൾ മെയിന്റനൻസ് | 1300 | 3 |
| 5 | 197/17 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 2625 | 3 |
| 6 | 204/17 | ലേഡീസ് ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം | 2625 | 5 |
| 7 | 243/17 | മെറ്റീരിയൽ റിക്കവറി സെന്റർ കൺസ്ട്രക്ഷൻ | 1140 | 3 |
| 8 | 196/17 | പുല്ലുവിള കമ്മ്യൂണിറ്റി ടോയ്ലറ്റ് മെയിന്റനൻസ് | 2625 | 6 |
| **ആകെ** | | | **57876** | **28** |

ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിൽ അടവാക്കിയിട്ടുള്ള ഇ-ടെൻഡർ ഫോറം വിലയായ 15367/-രൂപ മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 22.09.2017-ലെ 02/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത തുകയീടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-2 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 148535/-രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമപഞ്ചായത്തിന് 1485/-രൂപയുടെ നഷ്ടമുണ്ടായി. ഭാവിയിൽ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ സമ്പത്തിക നഷ്ടമുണ്ടാകാതിരിക്കുവാൻ കളക്ഷൻ ചാർജ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 22-09-2017-ലെ 01/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത തുകയീടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 വസ്തുനികുതി കുടിശ്ശിക 1307882/-രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത്

കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയനുസരിച്ച് 2016-17സാമ്പത്തിക വർഷം കുടിശ്ശിക ഉൾപ്പെടെ ആകെ 1307882/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുണ്ട്. ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം കുടിശ്ശിക തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് പ്രസ്തുത തുക നഷ്ടപ്പെടുന്നതാണ്. ആയതിനാൽ വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-4 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്.

എന്നാൽ കരുംകുളം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-2017 വർഷം സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി അടക്കേണ്ട കാലയളവ് |
|---|---|---|
| 1 | ഫിഷർമാൻ വെൽഫയർ ഫണ്ട് ബോർഡ് | 1 & 2 അർദ്ധവർഷം |
| 2 | സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കരുംകുളം | 2 -ാംഅർദ്ധവർഷം |
| 3 | നാകപുരം മിൽക്ക് സൊസൈറ്റി,കരുംകുളം | 1 & 2 അർദ്ധവർഷം |
| 4 | കൊച്ചുതുറ ക്ഷീരസഹകരണ സംഘം | 1 & 2 അർദ്ധവർഷം |
| 5 | നെടിയരളി മിൽക്ക് സൊസൈറ്റി | 1 & 2 അർദ്ധവർഷം |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/23.09.17) സ്ഥാപന നികുതി ഈടാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനനികുതി സമയബന്ധിതമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

## 2-5 ഡി ആന്റ് ഒ. ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് 1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) നിഷ്കർഷിച്ചി

ട്ടുള്ളതാണ്. എന്നാൽ പഞ്ചായത്തിൽ ഇത്തരം ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ സൂക്ഷിക്കേണ്ടതും എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ലൈസൻസിനായുള്ള അപേക്ഷ കളിൽ ജി.ഒ (ആർ.ടി)795/2007/ ത.സ്വ.ഭ.വ തിയതി 16.03.2007 ഉത്തരവ് പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/23.09.2017) അപാകതകൾ പരിഹരിക്കുന്ന താണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-6 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് അതിന്റെ അധികാരപരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയോ അവയിൽ നിന്ന് കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. ജി.ഒ(എം.എസ്)നം.113/2009/ തസ്വഭവ.തിയതി 02.01.2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊബൈൽടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്. ജി.ഒ (ആർ.ടി)19/2011/ത.സ്വ.ഭ.വ, തീയതി.1.4.13 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കേണ്ട കുറഞ്ഞ വസ്തുനികുതി 400/- രൂപയാണ്. കരുംകുളം ഗ്രാമപഞ്ചായത്തിൽ ഇത് 500/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പ്രകാരം (ഓഡിറ്റ് എൻക്വയറി നം.13തിയതി 25.09.17) ഗ്രാമപഞ്ചായത്ത് പരിധിയിൽനിലവിൽ 8മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കാനുള്ള വസ്തുനികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | ഈടാക്കാനുള്ള തുക | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | വയർലസ് റ്റി റ്റി ഇൻഫോസർവീസ്, പാലാരിവട്ടം കൊച്ചിൻ (I/445) | 22,052/- | 2013-14 മുതൽ 2016-17വരെ |
| 2 | ഇൻഡസ് ടവേഴ്സ് ലിമി., എറണാകുളം<br>(വോഡഫോൺ, ഐഡിയ, എയർടെൽ)(I/447) | 4,594/- | 2013-14 |
| 3 | റിലയൻസ് ടവർ (I/448) | 28,352/- | 2013-14 മുതൽ 2016-17വരെ |
| 4 | അനിൽ, സന്ധ്യ (വോഡഫോൺ, ഐഡിയ, എയർടെൽ) (IV/50) | 36,752/- | 2013-14 മുതൽ 2016-17വരെ |
| 5 | ഭാരതി എയർടെൽ ലിമിറ്റഡ്,എൻ.എച്ച് ബൈപ്പാസ് കുണ്ടന്നൂർ, മരട് പി.ഒ(IV/110) | 20,916/- | 2013-14 മുതൽ 2016-17വരെ |
| 6 | ഭാരതി ഇൻഫോടെൽ ലിമിറ്റഡ്, വെങ്കാർത്തസ് ടവേഴ്സ്, പാടിവട്ടം പി.ഒ (VI/45) | 16,716/- | 2013-14 മുതൽ 2016-17വരെ |

| | | | |
|---|---|---|---|
| 7 | ഭാരതി ഇൻഫോടെൽ ലിമി., എൻ എച്ച് ബൈപ്പാസ്, കുണ്ടന്നൂർ പി.ഒ (VII/220) | 28,352/- | 2013-14 മുതൽ 2016-17വരെ |

കുടിശ്ശികയുള്ള വസ്തുനികുതി അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ ടവറുകളിൽ നിന്ന് കുടിശ്ശികയില്ലാതെ വസ്തുനികുതി ഈടാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 പരസ്യനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നികുതി ഈടാക്കുന്നില്ല. പരസ്യനികുതി ബൈല പാസാക്കി പരസ്യനികുതി ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 3, പട്ടിക 1ക്രമനമ്പർ 149പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ,മാവേലി സ്റ്റോർ,കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നല്കി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം (നം 16തിയതി 26.09.2017) ഗ്രാമപഞ്ചായത്ത് പരിധിയിൽ 21 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. അവയ്ക്കൊന്നും ഡി. ആന്റ് ഒ. ലൈസൻസ് നൽകിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ റേഷൻകടകൾക്കും ഡി. ആന്റ് ഒ. ലൈസൻസ് നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വകുപ്പ് 204,205), 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കും പ്രകാരമുള്ള ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇരയിമ്മൻ തുറ സുനാമി ചന്തയോട് ചേർന്ന് ഓട നിർമ്മാണം പ്ലാസ്റ്ററിംഗ് അനാവശ്യ ചെലവുണ്ടാക്കി - എസ്റ്റിമേറ്റിലെ പിഴവ് - 53553/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ : SO 025/17

അടങ്കൽ തുക : 1650000/-

ചെലവ് തുക : 1228463/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡ്)

എസ്റ്റിമേറ്റ് ആധാരം : DSR 2014

എം.ബുക്ക് നം. : 07/16-17

ബിൽ നമ്പർ : 01/AE/LSGD/KKM/16-17

പുതുക്കിയ എസ്റ്റിമേറ്റിൻ പ്രകാരം 253 മീറ്റർ നീളത്തിലും, 1.20 മീറ്റർ വീതിയിലും 0.75 മീറ്റർ ആഴത്തിലും മണ്ണ് കുഴിച്ചു നീക്കിയാണ് ഓട നിർമ്മാണം നടത്തിയത്. 10 സെ.മീ. കനത്തിൽ 1:4:8 അനുപാതത്തിൽ wearing concrete-ഉം തുടർന്ന് 5 സെ.മി. കതത്തിലെ 1:2:4 അനുപാതത്തിൽ wearing concrete-ഉം ഉപയോഗിച്ചാണ് ഓടയുടെ അടിസ്ഥാനം നിർമ്മിച്ചിട്ടുള്ളത്. ഓടയുടെ വശങ്ങളിൽ പ്ലാസ്റ്ററിംഗ് ഉൾപ്പെടുത്തുന്നതിന് പുറമേയായി അടിസ്ഥാനത്തിലും ഓടയുടെ വശങ്ങളുടെ മുകൾ ഭാഗവും പ്ലാസ്റ്ററിംഗ് ഇനം 7-ലൂടെ നടത്തിയിരിക്കുന്നു. പരമാവധി 1.3 മീറ്റർ വീതിയിൽ പ്ലാസ്റ്ററിംഗ് ചെയ്യുന്നതിനു പകരം 0.25+0.60+0.70+0.60+0.25 = 2.4 മീറ്റർ വീതിയിൽ പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്. ഓടയുടെ wearing coat-ഉം ഫയലിൽ പറഞ്ഞിട്ടുള്ള വെള്ളത്തിന്റെ അതിയായ ഒഴുക്കും ഓടയ്ക്കു മുകളിലെ കവർ സ്ലാബും വിലയിരുത്താതെയുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ അപാകതക്ക് മേൽ നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല.

പ്ലാസ്റ്ററിംഗ് നടത്തിയ അളവ് = 253 x 2.4 = 607.2 $m^2$

പ്ലാസ്റ്ററിംഗിന് ചെലവായ തുക = 607.2 x 192.43 = 116843.49

പ്ലാസ്റ്ററിംഗ് നടത്തേണ്ടിയിരുന്ന അളവ് = 253 x 1.3 = 328.9 $m^2$

ചെലവാക്കേണ്ടിയിരുന്ന തുക = 328.9 x 192.43= 63290.23

അധികച്ചെലവ് = 53553.26

പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഓട നിർമ്മാണത്തിനായുള്ള മറ്റ് പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഈ അളവിലെ പ്ലാസ്റ്ററിംഗിന്റെ ആവശ്യകത ലഭ്യമല്ല. എസ്റ്റിമേറ്റിലെ പിഴവുമൂലം നഷ്ടപ്പെട്ട മേൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

## 3-2 പുല്ലുവിള ആശുപത്രി ജംഗ്ഷൻ വെയിറ്റിംഗ് ഷെഡ് നവീകരണം - സെന്ററിംഗ് & ഷട്ടറിംഗിന് അധിക നിരക്ക് നൽകി 4884/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ : SO 147/2017

അടങ്കൽ തുക : 200000/-

ചെലവ് തുക : 193213/-

ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

എസ്റ്റിമേറ്റ് ആധാരം : DSR 2014

എം.ബുക്ക് നം. : 358/16-17

ബിൽ നമ്പർ : 70/AE/LSGD/KKM/16-17 തീയതി. 31.03.2017

ടി പ്രവൃത്തിയിൽ ഇനം.7 & ഇനം.8 എന്നിവയിലൂടെ നടത്തിയ സെന്ററിംഗ് & ഷട്ടറിംഗിന് നിരക്ക് അധികമായി അനുവദിച്ചതിലൂടെ താഴെ പറയുന്ന നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം നം. | ഇനം | നൽകിയ DSR കോഡ്/ നൽകേണ്ട കോഡ് | നൽകിയ നിരക്ക്/ നൽകേണ്ട നിരക്ക് | നൽകിയ തുക/നൽകേണ്ടിയിരുന്ന തുക | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 7 | പില്ലർ ഫൂട്ടിംഗ് | 5.9.6/5.9.1 | 621.56/269.14 | 3107.8/1345.7 | $5m^2$ | 1762.10 |
| 8 | സീറ്റിംഗ് ബഞ്ച് | 5.9.3/5.9.1 | 550.68/269.14 | 2629.5/1285.15 | $4.775m^2$ | 1344.35 |
| 8 | പ്ലിന്ത് ബീം | 5.9.3/5.9.5 | 550.68/455.05 | 2940.63/2429.96 | $5.34m^2$ | 510.67 |
| 8 | ബീം | 5.9.3/5.9.5 | 550.68/455.05 | 6145.58/5078.35 | $11.16m^2$ | 1067.23 |
| 8 | സൺഷേഡ് | 5.9.3/5.9.5 | 550.68/455.05 | 1148.17/948.78 | $2.085.m^2$ | 199.39 |
| | **ആകെ** | | | | | **4883.74** |

അധിക നിരക്ക് നൽകിയതിലൂടെ നഷ്ടമായ 4884/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് ഈടാക്കേണ്ടതാണ്.

## 3-3 ഓട നിർമ്മാണം - കവർ സ്ലാബ് ഉയർത്താൻ പ്രത്യേക ഇനം അനുവദിക്കൽ - ഏകീകരണമില്ലായ്മ – ഭാവിയിൽ പരിഹരിക്കപ്പെടണം.

തീരപ്രദേശം അതിർത്തിയായിട്ടുള്ള പഞ്ചായത്തിൽ ഓട നിർമ്മാണത്തിന് പ്രസക്തി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള ഓട നിർമ്മാണങ്ങളിൽ അസാധാരണമായി കവർ സ്ലാബ് ഉയർത്തുന്നതിനായി ബിസ്തിയുടെ കൂലിയിനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഓടയുടെ വശങ്ങൾക്കു മുകളിലായി കവർ സ്ലാബ് നിർമ്മാണം നടത്തിയാൽ ബിസ്തിയുടെ കൂലിയിനം ഒഴിവാക്കാമായിരുന്നു. ബിസ്തിയുടെ എണ്ണം ഉൾപ്പെടുത്തു ന്നതിന് വ്യക്തമായ മാനദണ്ഡം നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ Daily labour Report-ന്റെ അടിസ്ഥാനത്തിലാണ് കൂലി നൽകിയിട്ടുള്ളത്. നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിൽ കവർസ്ലാബുകളുടെ എണ്ണവും ബിസ്തികളുടെ എണ്ണവും ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഏകീകരണമില്ല. ഉദാഹരണങ്ങൾ താഴെ പറയുന്നു.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | കവർ സ്ലാബുകളുടെ എണ്ണം | ബിസ്തിയുടെ എണ്ണം | അംശബന്ധം |
|---|---|---|---|---|
| 59/17 | ഇരയിമ്മൻതുറ സുനാമി ചന്തയോട് ചേർന്ന ഓട നിർമ്മാണം | 491 | 45 | 11:1 |
| 189/17 | ഇരയിമ്മൻതുറ ഓട നിർമ്മാണം | 112 | 17 | 7:1 |

| | | | | |
|---|---|---|---|---|
| 177/17 | കുട്ടി മീരാന്റെ നടവുപുരയിടം ഓട നിർമ്മാണം | 262 | 25 | 10:1 |
| 86/17 | ചെക്കിട്ട വിളാകം കിണറിനടുത്തുള്ള ഓട മെയിന്റനൻസ് | 62 | 23 | 3:1 |
| 176/17 | പറമ്പു പുരയിടം ഓട നിർമ്മാണം | 47 | - | - |
| 187/17 | പള്ളികെട്ടിട പുരയിടം ഓട മെയിന്റനൻസ് | 98 | 27 | 4:1 |
| 98/17 | തെറ്റി നിന്ന പുരയിടം ഓട മെയിന്റനൻസ് | 271 | 36 | 8:1 |
| 123/17 | കരുത്താൻവിള ഓട മെയിന്റനൻസ് | 300 | 82 | 4:1 |
| 87/17 | കുളപ്പുര ഓട മെയിന്റനൻസ് | 80 | 20 | 4:1 |

കവർ സ്ലാബിന്റെ 5 മുഖങ്ങൾക്കാവശ്യമായ സെന്ററിംഗ് & ഷട്ടറിംഗ് നിരക്ക് നൽകി ഓടയ്ക്കു മുകളിലായി നിർമ്മാണം നടത്തുകയും ഏകീകരണമില്ലാത്ത ഇത്തരം ഇനം പ്രവൃത്തികൾ ഭാവിയിൽ ഒഴിവാക്കപ്പെടേണ്ടതുമാണ്.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല 100000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 22/17

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് അടങ്കൽ : 100000

ചെലവ് തുക : 100000

ബിൽ നം. : 1/17, തിയതി. 30-03-2017

ഇൻവോയിസ് നം. : പി.എഫ്. 1441, തിയതി. 24-03-2017

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ),

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുവാൻ 100000/- രൂപ ട്രഷറി ബിൽ പ്രകാരം 30-03-2017-ന് കേരള സ്റ്റേറ്റ് ഹോമിയോപതി സഹകരണ ഫാർമസിയുടെ (ഹോംകോ) 34306403911നമ്പർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. ഹോംകോയുടെ 24-03-2017ലെ പി.എഫ്-1441നമ്പർ ഇൻവോയിസ് പ്രകാരമാണ് മരുന്ന് ലഭ്യമാക്കുവാൻ തുക നൽകിയത്. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ ഓർഡർ പ്രകാരമുള്ള മരുന്ന് ആശുപത്രിക്ക് ലഭ്യമാക്കിയിട്ടില്ല. കേന്ദ്രീകൃത രീതിയിലുള്ള വാങ്ങൽ

നടത്തി ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്ത് വരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലായെങ്കിൽ ആരോഗ്യസ്ഥാപനങ്ങളിലേക്ക് അവയുടെ നിയന്ത്രണച്ചുമതലയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണെന്ന് 11-01-2016-ലെ ജി.ഒ (എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് നിഷക്കർഷിച്ചിട്ടുണ്ട്. ഇൻവോയിസ് പ്രകാരം നൽകിയ തുകക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് പ്രകാരം ഓർഡർ നൽകുന്ന മരുന്നുകൾ ലഭ്യമാകാൻ ഇത്തരത്തിൽ കാലതാമസമുണ്ടാകുന്നത് ആശുപത്രികളുടെ ദൈനംദിന പ്രവർത്തനത്തെയും സേവനത്തേയും സാരമായി ബാധിക്കുമെന്നതിനാൽ മരുന്നുകളുടെ ലഭ്യതയനുസരിച്ച് മാത്രം ഓർഡർ നൽകുവാനും സമയബന്ധിതമായി അവ ലഭ്യമാക്കുവാനും ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിച്ച് അപാകത പരിഹരിക്കുന്നതുവരെ പ്രസ്തുത ചെലവ് തുക (100000/-രൂപ) തടസ്സപ്പെടുത്തുന്നു. അല്ലാത്തപക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിലനിൽക്കുന്നതായിരിക്കും.

## 3-5 ധനവിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല 1792999 /-രൂപ തടസ്സപ്പെടുത്തുന്നു.

2016-17സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചുവടെപ്പറയുന്ന പ്രവൃത്തികൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് പദ്ധതിപ്രകാരമുള്ള തുക നൽകിയെങ്കിലും നാളിതുവരെ തുക കൈപ്പറ്റി പണി പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പ്രോ.നം.151/17 പന നിന്ന റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നം.683/17 തിയതി.13-01-17 | 300000 എസ്.സി.പി. | പണി പൂർത്തീകരിച്ചിട്ടില്ല |
| 2 | കേരള വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പ്രോ.നം. 153/17, എസ്.എൻ.ഡി. പി.റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നം.684/17 തിയതി.13-01-17 | 400000 എസ്.സി.പി. | പണി പൂർത്തീകരിച്ചിട്ടില്ല |
| 3 | കേരള വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പ്രോ.നം. 154/17, കല്ല് തട്ട് റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നം.685./17 തിയതി. | 200000 എസ്.സി.പി. | പണി പൂർത്തീകരിച്ചിട്ടില്ല |
| 4 | കേരള വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പ്രോ.നം.227/17, വാർഡ് 2ലെ പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നം.1021/17 തിയതി. 13-01-17 | 93600 വി.ഫണ്ട്. | പണി പൂർത്തീകരിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 5 | കെ.എസ്.ഇ. ബി, പൂവ്വാർ | പ്രോ.നം. 167/17 സ്ട്രീറ്റ് ലൈൻ- പോസ്റ്റ് ഷിഫ്റ്റിംഗ് & ലൈൻ നീട്ടൽ | വൗച്ചർ നം.939/17 തിയതി. 18-03-17 | 241709 സി.എഫ്.സി. | പണി പൂർത്തീ കരിച്ചിട്ടില്ല |
| 6 | കെ.എസ്. ഇ.ബി, കാഞ്ഞിരംകുളം | പ്രോ.നം.226 /17, സ്ട്രീറ്റ് ലൈൻ - പോസ്റ്റ് ഷിഫ്റ്റിംഗ് | വൗച്ചർ നം.940/17 തിയതി. 13-01-17 | 557690 സി.എഫ്.സി. | പണി പൂർത്തീ കരിച്ചിട്ടില്ല |
| | **ആകെ** | | | **1792999** | |

മേൽപ്പറഞ്ഞ പദ്ധതികൾക്കായി വിനിയോഗിച്ച തുക സംബന്ധിച്ച വിവരം ലഭ്യമല്ല. ധനവിനിയോഗ സാക്ഷ്യപത്രം/ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ 1792999/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം നീക്കേണ്ടതാണ്.

## 3-6 വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ച് ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിൽ ആകെ 29 അംഗനവാടികൾ പ്രവർത്തിക്കുന്നു.ഇതിൽ 11അംഗനവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടങ്ങളുള്ളത്. 11അംഗനവാടികൾക്ക് വൈദ്യുതി സൗകര്യവുമില്ല. സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത് 6 അംഗന വാടികൾക്ക് മാത്രമാണ്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും വൈദ്യുതി കുടിവെള്ള സൗകര്യം എന്നിവ ലഭ്യമല്ലാത്തതുമായ അംഗനവാടികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അംഗൻവാടി നമ്പരും പേരും | കെട്ടിടം- വാടക/സ്വന്തം | കുടിവെള്ള സൗകര്യം | വൈദ്യുതി ലഭ്യത |
|---|---|---|---|---|
| 1 | നം.1, ചെമ്പനാവിള, | വാടക | ഉണ്ട് | ഇല്ല |
| 2 | നം.2, പാമ്പുകാല ഓടൻ | വാടകരഹിതം | ഉണ്ട് | ഇല്ല |
| 3 | നം.3, പൊറ്റയിൽ മുടിപ്പുര തട്ട് | വാടക | ഉണ്ട് | ഇല്ല |
| 4 | നം.4, പണ്ടകശാല പുരയിടം | സ്വന്തം | ഇല്ല | ഉണ്ട് |
| 5 | നം.5,കറുത്താൻവിള-1 | സ്വന്തം | ഉണ്ട് | ഉണ്ട് |
| 6 | നം.6, പുതിയതുര-1 | സ്വന്തം | ഉണ്ട് | ഉണ്ട് |
| 7 | നം.7, മുഹമ്മദ് എൽ.പി.സ്കൂൾ പള്ളം | വാടകരഹിതം | ഉണ്ട് | ഇല്ല |
| 8 | നം.8, ആഴാംകൽ | സ്വന്തം | ഇല്ല | ഉണ്ട് |
| 9 | നം.9, പുതിയതുറ - 2 | വാടക | ഉണ്ട് | ഇല്ല |
| 10 | ഉരിയരിക്കുന്ന് | വാടക | ഇല്ല | ഉണ്ട് |

| | | | | |
|---|---|---|---|---|
| 11 | നം. 11, പള്ളം കിളിത്തട്ട് | സ്വന്തം | ഉണ്ട് | ഉണ്ട് |
| 12 | നം. 12, ഇരയിമ്മൻതുറ | വാടക | ഉണ്ട് | ഇല്ല |
| 13 | നം. 13, പീരുപിള്ള വിളാകം | വാടക | ഇല്ല | ഇല്ല |
| 14 | നം. 14, ചെമ്പകരാമൻതുറ | കമ്മ്യൂണിറ്റി ഹാൾ | ഇല്ല | ഇല്ല |
| 15 | നം. 15, തൈവിള, കൊച്ചുപള്ളി | സ്വന്തം | ഉണ്ട് | ഉണ്ട് |
| 16 | നം. 16, കൊച്ചുപള്ളി | സ്വന്തം | ഇല്ല | ഉണ്ട് |
| 17 | നം. 17, കുട്ടിമീരാൻനട | സ്വന്തം | ഇല്ല | ഉണ്ട് |
| 18 | നം. 18, നെടിയവിള | വാടക | ഉണ്ട് | ഇല്ല |
| 19 | നം. 19, കൊച്ചുതുറ | സ്വന്തം | ഉണ്ട് | ഉണ്ട് |
| 20 | നം. 20, പൊടുവൽ | വാടക | ഉണ്ട് | ഉണ്ട് |
| 21 | നം. 21, ചാരത്തടിപ്പുരയിടം | വാടക | ഉണ്ട് | ഇല്ല |
| 22 | നം. 22, കിണറ്റടിവിളാകം | വാടക | ഉണ്ട് | ഉണ്ട് |
| 23 | നം. 23, പുതിയതുറ-3 | വാടക | ഉണ്ട് | ഉണ്ട് |
| 24 | നം.24, കണ്ണാടിപ്പള്ളി | സ്വന്തം | ഇല്ല | ഉണ്ട് |
| 25 | നം.25, പള്ളം പുരയിടം | വാടക | ഉണ്ട് | ഉണ്ട് |
| 26 | നം.26, അനന്തവിളാകം കൊച്ചുപള്ളി | വാടക | ഉണ്ട് | ഉണ്ട് |
| 27 | നം.27, കറുത്താൻവിള | വാടക | ഉണ്ട് | ഉണ്ട് |
| 28 | നം.28, കൊച്ചുതുറ-2 | സ്വന്തം | ഉണ്ട് | ഉണ്ട് |
| 29 | നം.29, മുതുപുരയിടം | വാടക | ഉണ്ട് | ഇല്ല |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുവാനും വൈദ്യുതി കുടിവെള്ളം എന്നിവ ലഭ്യമല്ലാത്തവക്ക് അവ ലഭ്യമാക്കി ഭൗതികസാഹചര്യം മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

അംഗനവാടികളുടെ പോഷകാഹാര വിതരണത്തിന് ചെലവഴിക്കുന്ന തുകയിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50ശതമാനം തുക പ്രത്യേക അക്കൗണ്ടിലാണ് സൂക്ഷിക്കേണ്ടത്. 2016-17 സാമ്പത്തിക വർഷം കേന്ദ്രവിഹിത മായി ആകെ 1518958/-രൂപ ലഭിച്ചതിൽ 600000/-രൂപ ചെലവ് ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൌണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ തനതു വരുമാനത്തോടൊപ്പമാണ് സൂക്ഷിച്ചുവരുന്നത്. ജി.ഒ(പി)177/2006/ധന, തീയതി. 12-04-2006 പ്രകാരം കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുവാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്/ ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് കൈരളിന്യൂട്രിമിക്സ്, കുടുംബശ്രീ യൂണിറ്റ്, മംഗലക്കൽ, കട്ടക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് അംഗനവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-9 നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം

സ.ഉ(എം.എസ്) 31/2007/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവക്ക് ശാശ്വത പരിഹാരം കാണുവാനും ഇവരുടെ സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്തുവാനും പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി യാതൊരറിയിപ്പും പഞ്ചായത്ത് പരിസരത്ത് പ്രദർശിപ്പിച്ചിട്ടില്ല. പ്രസ്തുത സമിതിയുടെ പ്രാധാന്യം, പ്രവർത്തനം, നൽകുന്ന സേവനം എന്നിവ പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്ന് ജനകീയമാക്കി ഗ്രാമപഞ്ചായത്ത് മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷം ജാഗ്രതാ സമിതി സമ്മേളിക്കുകയോ തുടർപ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ല. ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നതായി കാണിച്ചുകൊണ്ടുള്ള പരസ്യബോർഡ് പഞ്ചായത്ത് കാര്യാലയത്തിന് മുന്നിൽ സ്ഥാപിക്കുവാനും സമിതിയുടെ സേവനം ലഭ്യമാകുന്ന ദിവസം, സമയം എന്നീ വിവരങ്ങൾ പ്രസ്തുത അറിയിപ്പ് ബോർഡിൽ ഉൾപ്പെടുത്തുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകകൾ മുഴുവൻ തിരിച്ചീടാക്കിയിട്ടില്ല

2016-17സാമ്പത്തിക വർഷം ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയ തുകയിൽ 9600/-രൂപ നാളിതുവരെ തിരിച്ചീടാക്കിയിട്ടില്ല. അഡ്വാൻസായി നൽകുന്ന തുക തൊട്ടടുത്ത മാസം മുതൽ 5 ഗഡുക്കളായി തിരിച്ചീടാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | കൈപ്പറ്റിയ തുക | തിരിച്ചടച്ച തുക | തിരിച്ചടക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 1 | ശ്രീ.റഹ്മത്തുള്ള, ഹെഡ് ക്ലാർക്ക്, കരുംകുളം ഗ്രാമപഞ്ചായത്ത് | 10000 | 8000 | 2000 |
| 2 | ശ്രീ.ജയ്സൻ ജോസ്, ക്ലാർക്ക്, കരുംകുളം ഗ്രാമപഞ്ചായത്ത് | 10000 | 8000 | 2000 |
| 3 | ശ്രീ.അജയകുമാർ, ഓഫീസ് അറ്റൻറന്റ്, കരുംകുളം ഗ്രാമപഞ്ചായത്ത് | 10000 | 6000 | 4000 |
| 4 | ശ്രീ.സെൻപോൾ, പി.റ്റി.എസ്, കരുംകുളം ഗ്രാമപഞ്ചായത്ത് | 2000 | 400 | 1600 |
| **ആകെ** | | | | **96000** |

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന 9600/-രൂപ മേൽ ജീവനക്കാരിൽ നിന്നീടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബന്ധപ്പെട്ട വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള 23-09-2017ലെ 08/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മേൽ ജീവനക്കാർ ഓഫീസ് മാറിപ്പോയതിനാൽ ശേഷിക്കുന്ന തുക അതാത് ഓഫീസുകളിൽ ഒടുക്കിയിട്ടുള്ളതായും ക്രമനമ്പർ 3, 4 എന്നിവയിൽ പറയുന്ന ജീവനക്കാർ മരണപ്പെട്ടതായും മറ്റ് ഓഫീസുകളിൽ ഒടുക്കിയ തുകകൾ ആവശ്യപ്പെട്ടുകൊണ്ട് കത്തയിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-11 നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കുന്നില്ല

*(എ)* <u>എസ്.സി.പി - നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല</u>

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ(എം.എസ്) 4/16/ത.സ്വ.ഭ.വ, തിയതി. 11-01-2016/12-1(XVI) പ്രകാരം എസ്.സി.പി. പദ്ധതികളുടെ നിർവ്വഹണവും വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണക്കമ്മിറ്റി രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എസ്.സി. വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ. മാസംതോറും യോഗം ചേർന്ന് പദ്ധതിയുടെ നിർവ്വഹണം, ഫണ്ട് വിനിയോഗം എന്നിവ വിലയിരുത്തുകയും പ്രസ്തുത യോഗത്തിന്റെ മിനുട്ട്സ് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം അധികൃതർ പാലിച്ചിട്ടില്ല.

*(ബി)* <u>റോഡ് കണക്ടിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല</u>

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ(എം.എസ്)/4/ത.സ്വ.ഭ.വ, 11-01-2016/ 115(1)&11.5(111) പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും റോഡ് കണക്ടിവിറ്റി മേപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പം റോഡ് കണക്ടിവിറ്റി മേപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന്റെ പ്രസ്തുത നിർദ്ദേശം പാലിക്കുവാൻ ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ എ,ബി ഖണ്ഡികകളിലെ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 22-09-2017-ലെ 03/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ അപാകത ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-12 പൊതുമരാമത്ത്പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 116പദ്ധതികളിൽ 46 പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്പിൽ-ഓവർ ഉൾപ്പെടെ 116 പ്രവൃത്തികൾക്കാണ് ഭരണസമിതി തീരുമാന പ്രകാരം ജില്ലാ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചത്. എന്നാൽ ഇതിൽ ആകെ 70 പദ്ധതികൾ മാത്രമാണ് പ്രസ്തുത സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത്. പശ്ചാത്തല മേഖലകളുമായി/ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയശേഷം നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസമാണ് ഇത്തരത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതിന് കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ പഞ്ചായത്തിന്റെ വികസനത്തിന് ഭംഗം വരാത്തവിധത്തിലുള്ള ഒരു വികസനനയം രൂപീകരിക്കുവാനും മെച്ചപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ഗുണഭോക്തൃ സമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ചിട്ടുള്ള പൊതുമരാമത്ത് ജോലികൾക്ക് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. ഏതാനും ചില വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സമിതി യോഗം ചേർന്ന് അംഗങ്ങളേയും കൺവീനർ ചെയർമാൻ എന്നിവരേയും തെരെഞ്ഞെടുത്ത് ചുമതല ഏല്പിക്കുന്നതുവരെയുള്ള വിവരങ്ങൾ മാത്രമാണ് മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2. വർക്കുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കായി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

3. വരവ് ചെലവ് കണക്ക് പുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. പ്രവൃത്തി നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ

രേഖപ്പെടുത്തുന്നതിന് കൺവീനർ സൂക്ഷിക്കേണ്ട ദൈനംദിന ഡയറിബുക്ക് സൂക്ഷിച്ചിട്ടില്ല.

5. പണി പൂർത്തിയാകുന്നതുവരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ചചെയ്ത് തീരുമാനിക്കുകയും ചെയ്തിട്ടില്ല.

ഭാവിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചുമാത്രം മരാമത്തുപണികൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-14 ആസ്തി രജിസ്റ്റർ കാലിക്മമാക്കി സൂക്ഷിക്കുന്നില്ല

2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയതും ലക്ഷ്യം കൈവരിച്ചതുമായ/പണി പൂർത്തീകരിച്ചതുമായ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട ആസ്തി വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 14-09-2017ലെ 05/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ കാലികമാക്കിയിട്ടില്ലായെന്നും ആയതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-15 കന്നുകുട്ടി പരിപാലനം-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി (പ്രോജക്ട് നം.SOO 69/17)SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് 2,50,000/-രൂപ കൈമാറിയിട്ടുണ്ടെങ്കിലും (ബിൽ നം.CB No.8/16-17) തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തിയതി: 26.09.2017) വെറ്ററിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്.

## 3-16 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു - 2660000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ : 16/2016-17

പ്രോജക്ടിന്റെ പേര് : വീട് പുനരുദ്ധാരണം (ജനറൽ)

വകയിരുത്തൽ : 3000000/-

ചെലവഴിച്ചത് : 2660000/- (വികസന ഫണ്ട്)

ബിൽ നം. : 5/2016-17, തിയതി. 27.02.17, തുക – 50,000/-

6/2016-17, തിയതി. 27.02.17, തുക – 175000/-

8/2016-17, തിയതി. 07.03.17, തുക – 50000/-

10/2016-17, തിയതി. 07.0317, തുക – 125000/-

11/2016-17, തിയതി. 09.03.17, തുക – 310000/-

12/2016-17, തിയതി. 09.03.17, തുക – 75000/-

13/2016-17, തിയതി. 30.03.17, തുക – 425000/-

ബിൽ നം. തീയതി ലഭ്യമല്ല. തുക – 50000/-

14/16-17, തീയതി. 30.03.17, തുക – 150000/-

16/2016-17, തീയതി. 30.03.17, തുക – 375000/-

18/2016-17 തീയതി. 30.03.17, തുക – 150000/-

20/2016-17 തീയതി.30.03.17, തുക – 75000/-

21/2016-17 തീയതി. 30.03.17, തുക – 100000/-

22/2016-17 തീയതി. 31.03.17, തുക – 100000/-

വി.ഇ.ഒ. നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15(3)(6)(5)-ൽ നിഷ്കർഷിക്കും പ്രകാരം അർഹത തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കുകയുണ്ടായില്ല, വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷം കഴിഞ്ഞതാണോ, വീട് മെയിന്റനൻസ് ധനസഹായം നൽകിയിട്ട് 8 വർഷം കഴിഞ്ഞതാണോ എന്നതിന് യാതൊരു രേഖകളും ഹാജരാക്കുകയുണ്ടായില്ല.
2. മാർഗ്ഗരേഖാ നിർദ്ദേശ പ്രകരാം ഭാര്യയുടേയോ ഭർത്തവിന്റേയോ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്നിരിക്കെ ധനസഹായം ലഭ്യമാക്കി എന്നു പറയുന്ന 107 പേരുടേയും ബാങ്ക് അക്കൗണ്ടിലേക്ക് പണം ലഭ്യമാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ എത്രപേർക്ക് ധനസഹായം ലഭ്യമായി എന്നത് വ്യക്തമല്ല.
3. ഗ്രാമപഞ്ചായത്ത് കമ്മിറ്റി മീറ്റിങ്ങിലെ 1(9) നമ്പർ തീരുമാനപ്രകാരം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ അർഹരായവർ ഉണ്ടെന്നിരിക്കെ ലിസ്റ്റിൽപ്പെടാത്ത അനിത, കാട്ടുവിളാകം എന്ന വ്യക്തിക്ക് ധനസഹായം നൽകിയത് വീഴ്ചയായി വിലയിരുത്തുന്നു. ആയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 2660000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 ഗുണഭോക്തൃ ലിസ്റ്റിലില്ലാതെ പദ്ധതി നടപ്പിലാക്കി - 455000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : 168/17

പ്രോജക്ടിന്റെ പേര് : വനിതകൾക്ക് തൊഴിൽ പരിശീലനം

നിർവ്വഹണം : വി.ഇ.ഒ.

തുക : 473200/- (455000- വികസന ഫണ്ട്, 18200/- മറ്റുള്ളവ)

ചെലവഴിച്ച തുക : 455000- (വികസന ഫണ്ട്)

ബിൽ നം. : 17/2016-17, തീയതി. 30.03.17

മേൽ പദ്ധതി പ്രകാരം സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനത്തിന് 30.03.2017-ൽ അക്കൗ.നം.10270827050-ലേക്ക് 4,55,000/-രൂപ നൽകിയിരിക്കുന്നു. 25 ഗുണഭോക്താക്കൾക്ക് ക്യാരിബാഗ് നിർമ്മാണവുമായി ബന്ധപ്പെട്ട് 20 ദിവസം പരിശീലനം, മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ട് 25 പേർക്ക് 10 ദിവസത്തെ പരിശീലനം, ചക്ക/ഏത്തപ്പഴം പ്രോസസിംഗുമായി ബന്ധപ്പെട്ട് 26 പേർക്ക് 10 ദിവസത്തെ പരിശീലനം എന്നിവ നൽകുന്നതിനാണ് കരാർ ചമച്ചത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ആകെ 12 ദിവസത്തെ പരിശീലനമാണ് നൽകുകയുണ്ടായത്. പദ്ധതി ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശീലനം നടന്നതിന്റെ വിവരങ്ങൾ മുതലായവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതമായി ഉൾക്കൊള്ളിച്ചിരുന്ന 18200/-രൂപ ഈടാക്കിയതിന്റെയും ഗുണഭോക്തൃ ലിസ്റ്റിൻ പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തിയതിന്റെയും രേഖകൾ ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഈ അപാകതകൾക്ക് മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.22-ന് മറുപടി നൽകിയിട്ടില്ല. ഇക്കാരണങ്ങളാൽ ഈ പ്രോജക്ടിനായി നീക്കിവച്ച 4,55,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-18 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - 300000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : 4/2016-17

പ്രോജക്ടിന്റെ പേര് : ആട്ടോറിക്ഷ വാങ്ങൽ (പട്ടികജാതി)

നിർവ്വഹണം : വി.ഇ.ഒ.

തുക : 300000/- (വികസന ഫണ്ട്)

ബിൽ നം., : 2/2016-17, തീയതി. 14.02.2017

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട ആറ് പേർക്ക് ആട്ടോറിക്ഷ വാങ്ങുന്നതിന് 50000/- രൂപ വീതം ബാക്ക് എൻഡഡ് സബ്സിഡിയായി നൽകാൻ തീരുമാനിക്കുകയുണ്ടായി (19.12.2016-ലെ 1(14) നമ്പർ കമ്മിറ്റി തീരുമാനം). എന്നാൽ 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ അനുബന്ധം 15(3)(7)(4) പ്രകാരം ഗുണഭോക്താക്കൾ ഒരിക്കൽ ധനസഹായം ലഭിച്ചവരാണെന്നോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകത്വമിഷനിലോ മറ്റും പേര് രജിസ്റ്റർ ചെയ്തവരാണെതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകളോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ.സരസൻ എന്നയാൾക്ക് ധനസഹായം നൽകാതെ ശ്രീ.സുരേഷ് ബാബു എന്ന ഗുണഭോക്താവിനാണ് ആനുകൂല്യം നൽകിയത്. ആയതിന് വിശദീകരണം ലഭ്യമാക്കിയില്ല. ബാങ്ക് വായ്പ നൽകാൻ തയ്യാറാഴെന്ന് (SBI, പൂവാർ) അറിയിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ വായ്പ തുക കൈപ്പറ്റിയതിന്റെ രേഖ, വാഹനത്തിന്റെ R.C ബുക്കി-ന്റെ കോപ്പി എന്നിവയൊന്നും പരിശോധനയ്ക്കായി ഹാജരാക്കുക യുണ്ടായില്ല. (ഓഡിറ്റ് എൻക്വയറി നം.23) മേൽ പരാമർശിച്ചിട്ടുള്ള രേഖകളുടെ അഭാവത്തിൽ പദ്ധതി

പ്രകാരമുള്ള 300000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 ആട്ടോറിക്ഷ വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 5,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : 244/16-17

പ്രോജക്ടിന്റെ പേര് : ആട്ടോറിക്ഷ വാങ്ങൽ (ജനറൽ)

വകയിരുത്തിയത് : 2450000/-

ചെലവ് : 5,20,000/-

നിർവ്വഹണം : വി.ഇ.ഒ.

ബിൽ നം., : 15/16-17, തീയതി. 30.03.2017

തുക : 5,20,000/-

മേൽ പദ്ധതി പ്രകാരം 1.3.2017ലെ 2(1) ഇ നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുവിഭാഗ ത്തിൽപ്പെട്ട 14 പേർക്ക് ആട്ടോറിക്ഷ വാങ്ങുന്നതിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി 40000/- രൂപ വീതം നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ ജി.ഒ.(എം.എസ്.)4/16ത.സ്വ.ഭ.വ. 11.1.2016, സബ്സിഡി മാർഗ്ഗ രേഖ അനുബന്ധം 15-3(7)(4) പ്രകാരമുള്ള മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിക്കുകയുണ്ടായില്ല. ഗുണഭോക്താക്കൾ ആട്ടോറിക്ഷ വാങ്ങുന്നതിന് വായ്പയ്ക്ക് അപേക്ഷിച്ചത് സംബന്ധിച്ച കത്തിടപാടുകളോ, വായ്പ നൽകാനുള്ള ബാങ്കിന്റെ/ധനകാര്യ സ്ഥാപനത്തിന്റെ സമ്മതപത്രമോ രേഖകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. ബിൽ നം. 15/16-17 തീയതി 30.3.2017 പ്രകാരം 520000/- രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. മതിയായ ചെലവ് രേഖകളുടെ അഭാവത്തിൽ 520000 (13x40000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തുക ചെലവഴിച്ചതിന്റെ രേഖകൾ, പദ്ധതിയുടെ ഗുണഭോക്താക്കൾ ആട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം 520000/-രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്ന തായിരിക്കും. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-20 പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തേണ്ടതാണ്

പ്രോജക്ട് നം. : 6/2016-17

പ്രോജക്ടിന്റെ പേര് : പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ

നിർവ്വഹണം : സെക്രട്ടറി

തുക : 784876/-(മെയിന്റനൻസ് ഫണ്ട്)

ബിൽ നം. , തുക : 546/17/25.11.2016, തുക 447125/-

759/17/10.02.2017, തുക 191625/-

903/17/16.03.2017, തുക 146126/-

മേൽ പദ്ധതി പ്രകാരം ആകെ 784876/- രൂപ കേരള വാട്ടർ അതോറിട്ടിയിൽ അടവാക്കിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ നിന്നും ടാപ്പ് ഒന്നിന് പ്രതിമാസം 437050/- രൂപ നിരക്കിൽ 4/2016 മുതൽ 1/2017 വരെ 146 ടാപ്പുകൾക്കും 2/2017 മുതൽ 3/2016 വരെ 153 ടാപ്പുകൾക്കും വെള്ളക്കരം അടവാക്കിയിരിക്കുന്നു. പൊതുവെ വരുമാനം കുറവായ ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കുന്നത്.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിനനുസൃതമായി വെള്ളക്കരം ഒടുക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-21 പദ്ധതി പ്രകാരം വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല – നടപടി കൈക്കൊള്ളേണ്ടതാണ്

**1.** പ്രോജക്ട് നം. : 173/17,

പ്രോജക്ടിന്റെ പേര് : പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ, സർവർ, യു.പി.എസ് , ലേസർ പ്രിന്റർ വാങ്ങൽ

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ തുക : 463000/-

ചെലവഴിച്ച തുക : 382403/- (വികസനഫണ്ട്)

ബിൽ നം. : 148/16-17, തീയിതി. 30/3/17 തുക – 253900/-

ബിൽ നം., : 47/16-17, തീയിതി. 30/03/17തുക – 128503/-

**2.** പ്രോജക്ട് നം. : SOO 38/17,

പ്രോജക്ടിന്റെ പേര് : ഹൈസ്പീഡ് ഡ്യൂപ്ലക്സ് സ്കാനർ

അടങ്കൽ തുക : 150000/- (വികസനഫണ്ട്)

ചെലവഴിച്ച തുക : 149000/-

ബിൽ നം. : 49/16 തീയതി 30/3/17, തുക – 149000/-

പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പ്രസ്തുത പ്രോജക്ടുകൾ വിഭാവനം ചെയ്തത്. ക്രമ നമ്പർ (1) പ്രോജക്ട് പ്രകാരം പ്രിന്റർ, PC Acer Cpmputer, UPS എന്നിവയും ക്രമ നമ്പർ (2) പ്രകാരം ഹൈസ്പീഡ് സ്കാനർ ഉം വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് ഇൻസ്റ്റാൾ ചെയ്ത് ഉപയോഗപ്രദമാക്കിയിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്തോഫീസിൽ വെറുതെ സൂക്ഷിച്ചിരിക്കുകയാണ്. വികസനഫണ്ട് വിനിയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാതി രിക്കുന്നത്

പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. പ്രസ്തുത ഉപകരണങ്ങളുടെ വാറണ്ടി കാലം ഒരു വർഷം എന്നിരിക്കെ ആയത് ഇൻസ്റ്റാൾ ചെയ്യാതിരുന്നത് കാരണം പ്രസ്തുത ആനുകൂല്യം ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. മേൽ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-22 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17 സാമ്പത്തിക വർഷത്തിൽ 11,04,569/-രൂപ ചെലവഴിച്ച് 232 പ്രവൃത്തികൾ നടപ്പിലാക്കി. സാമ്പത്തിക വർഷം 171 പേർക്ക് തൊഴിൽകാർഡ് കൈവശമുണ്ട്. തൊഴിലിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം 3759 ആണ്. 8 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പു പദ്ധതികളുമായി അയൽകൂട്ടങ്ങൽ സഹകരിക്കുകയുണ്ടായില്ല. സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം 106700 ആണ്. 2016-17 സാമ്പത്തിക വർഷത്തെ മുന്നിരിപ്പ് 2184/- രൂപയും ചെലവ് 1108204/-രൂപയും നീക്കിയിരിപ്പ് 3635/-രൂപയുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവ്യൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പ്രോജക്ട് നം.151/17 പന നിന്ന റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നം. 683/17 തിയതി. 13-01-17 | 300000 എസ്. സി.പി. | പണി പൂർത്തീകരിച്ചിട്ടില്ല | - |
| 2 | കേരള വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പ്രോജക്ട് നം.153/17, എസ്.എൻ.ഡി.പി. റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നം.684/17 തിയതി. 13-01-17 | 400000 എസ്. സി.പി. | പണി പൂർത്തീകരിച്ചിട്ടില്ല | - |
| 3 | കേരള വാട്ടർ | പ്രോജക്ട് | വൗച്ചർ | 200000 | പണി | - |

| | | | | | | |
|---|---|---|---|---|---|---|
| | അതോറിട്ടി, നെയ്യാറ്റിൻകര | നം.154/17, കല്ല് തട്ട് റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | നം.685./17 തിയതി. | എസ്. സി.പി. | പൂർത്തീ കരിച്ചിട്ടില്ല | |
| 4 | കേരള വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പ്രോജക്ട് നം.227/17, വാർഡ് 2ലെ പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നം.1021/17 തിയതി. 13-01-17 | 93600 വി.ഫണ്ട്. | പണി പൂർത്തീ കരിച്ചിട്ടില്ല | - |
| 5 | കെ.എസ്.ഇ. ബി,പൂവ്വാർ | പ്രോജക്ട് നം.167/17 സ്ട്രീറ്റ് ലൈൻ-പോസ്റ്റ് ഷിഫ്റ്റിംഗ് &ലൈൻ നീട്ടൽ | വൗച്ചർ നം.939/17 തിയതി. 18-03-17 | 241709 സി. എഫ്. സി. | പണി പൂർത്തീ കരിച്ചിട്ടില്ല | - |
| 6 | കെ.എസ്. ഇ.ബി, കാഞ്ഞിരം കുളം | പ്രോജക്ട് നം.226/17, സ്ട്രീറ്റ് ലൈൻ - പോസ്റ്റ് ഷിഫ്റ്റിംഗ് | വൗച്ചർ നം.940/17 തിയതി. 13-01-17 | 557690 സി.എഫ്. സി. | പണി പൂർത്തീ കരിച്ചിട്ടില്ല | - |
| **ആകെ** | | | | **1792999** | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എ.എസ്. ഭവന പദ്ധതി | സ.ഉ (എം. എസ്) നം.207/2010 ത.സ്വ.ഭ.വ തീയതി 20.01.2010 | 14250000 | 2981730 | 1425000 | - | 1556730 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | ലഭ്യമല്ല | ഫ്രണ്ട് ഓഫീസുമായി ബന്ധപ്പെട്ട് | തുടർ നടപടി യിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60455751/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54771642/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58437/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5827999/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ക്രമ നം. | ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1 | ഖ 3.1 | - | 53553/- | ശ്രീമതി കല്യാണിക്കുട്ടി, അസി.എഞ്ചിനീയർ |
| 2 | ഖ 3.2 | - | 4884/- | ശ്രീമതി കല്യാണിക്കുട്ടി, അസി.എഞ്ചിനീയർ |

(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ക്രം നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3.4 | 100000/- | ഡോ.ജയനാരായണൻ ആർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 2 | 3.5 | 1792999/- | ശ്രീമതി കെ.പി.മേരി ഇനിഗോ, സെക്രട്ടറി |
| 3 | 3.16 | 2660000/- | ശ്രീ.അഭിലാഷ് എം.എ, വി.ഇ.ഒ |
| 4 | 3.17 | 455000/- | ശ്രീ.അഭിലാഷ് എം.എ, വി.ഇ.ഒ |
| 5 | 3.18 | 300000/- | ശ്രീ.അഭിലാഷ് എം.എ, വി.ഇ.ഒ |
| 6 | 3-19 | 520000/- | ശ്രീ.അഭിലാഷ് എം.എ, വി.ഇ.ഒ |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി കല്യാണിക്കുട്ടി, അസി.എഞ്ചിനീയർ | - | സാഫല്യം, TC76/1399(1), കടയ്ക്കാമ്പള്ളി റോഡ്, ആനയറ പി.ഒ |
| 2 | ശ്രീ.അഭിലാഷ് എം.എ,വി.ഇ.ഒ | - | തിരുവോണം, തേമ്പാമുട്ടം, ബാലരാമപുരം.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ജി.പി3/392/2008 തീയതി.30/07/2014 | 4 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.ജി.പി3/934/2001 തീയതി.31/07/2014 | 4 | |
| 1999-00 | എൽ.എഫ്.റ്റി.ഡി.ജി.പി3/934/2001 തീയതി.30/07/2014 | 12 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി3/552(1)/2003 തീയതി.30/09/2014 | 8 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി3/552/2004 തീയതി.30/07/2014 | 13 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി3/289/2008 തീയതി.30/07/2014 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.3/288/2008 തീയതി.30/07/2014 | 3 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.3/392/2008 തീയതി.30/07/2014 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.3/146/2009 തീയതി.30/07/2014 | 9 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി3/3/441/2010 തീയതി.30/07/2014 | 05 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി3/3/442/2010 തീയതി.30/07/2014 | 07 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2244/2011 തീയതി.30/07/2014 | 08 | |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2245/2011. തീയതി.30/04/2014 | 09 | |
| 2010-11, 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/618/2013. തീയതി.02/08/2013 | 20 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.3/208/2015. തീയതി.09/03/2015 | 13 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.3/885/2015. തീയതി.15/09/2015. | 28 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1259/2016 തീയതി.20/07/2016 | 25 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി-3/2071/2016 തീയതി.03/12/2016 | 21 | |

**ഒപ്പ്/-**
**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്.**

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കരുംകുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1. 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B(15) (Sundry Debtors) പ്രകാരം Profession Tax-Institutions/professionals/traders Arrearആയി കിട്ടാനുണ്ടായിരുന്നത് 12050/- (9050+3000)

രൂപയാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികിൽ ഈയിനത്തിൽ വരവ് വന്നിട്ടുള്ളത് 13620/- രൂപയാണ്. (RP-43). അതായത് 2015-16ൽ കുടിശ്ശികയായി കിട്ടേണ്ടതിനേക്കാൾ കൂടുതൽ (1570/-രൂപ) തുക2016-17ൽ കുടിശ്ശിക കിട്ടിയിരിക്കുന്നു.

2. 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B(15) (Sundry Debtors) ൽ Property Tax on-Non-Residential Building ഇനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2016-17സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികിൽ ഈയിനത്തിൽ (RP-43പ്രകാരം) 128127/-രൂപ വരവ് വന്നിട്ടുണ്ട്.
3. വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിലെ തുകകൾ സാംഖ്യ സോഫ്റ്റ് വെയറു മായി പൊരുത്തപ്പെടുന്നില്ല.
4. 2016-17 സാമ്പത്തിക വർഷം സൃഷ്ടിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. അംഗനവാടികളുടെ പേഷകാഹാര വിതരണത്തിന് നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50 ശതമാനം തുക പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ തനതുവരുമാന ത്തോടൊപ്പമാണ് സൂക്ഷിച്ചുവരുന്നത്.
6. Income And Expenditure Statement പ്രകാരം Income 116379487/-രൂപയും Expenditure 117286314/- രൂപയുമാണ്. അതായത് വരവിനേക്കാൾ 906827/-രൂപ ചെലവ് ചെയ്തതായി കാണിച്ചിരിക്കുന്നു.
7. 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക General Ledger Trial Balance ലെ Excess of income over Expenditure നീക്കിയിരിപ്പ് 8937798.20 രൂപയാണ്. എന്നാൽ 2016-17സാമ്പത്തിക വർഷം പ്രസ്തുത ഹെഡിലെ മുന്നിരിപ്പ് 11099158/- രൂപയാണ്.
8. Cash Book പ്രകാരം 2016-17സാമ്പത്തിക വർഷത്തെ E.F.M.S.വരവ് 41849833/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ E.F.M.S.വരവായി കാണിച്ചിട്ടുള്ളത് 41848408/-രൂപയാണ് (I-6). 1425/- രൂപയുടെ വ്യത്യാസം Cash Book ഉം A.F.S.ഉം തമ്മിൽ നിലനിൽക്കുന്നു.
9. ട്രഷറി റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
10. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്‌വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുമായി സംയോജിപ്പിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ മുഴുവനായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ഒപ്പ്/-**

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്.**